# വിഷയ പ്രബന്ധങ്ങളും സെമിനാർ പ്രബന്ധങ്ങളും: നിബന്ധനകൾ

1. എല്ലാ വിഷയ പ്രബന്ധങ്ങളും സെമിനാർ പ്രബന്ധങ്ങളും A4 സൈസിലുള്ള പേപ്പറിൽ 10-15 പേജിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.
2. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് നിർദ്ദേശിച്ചിരിക്കുന്ന ശാസ്ത്രീയ രീതി അവലംബമാക്കിയാണ് പ്രബന്ധങ്ങൾ രചിക്കേണ്ടത്. പ്രബന്ധ രചനയെ സംബന്ധിക്കുന്ന ശാസ്ത്രീയ രീതി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റിൽ നിർദ്ദേശിച്ചിരിക്കുന്നത് പ്രയോജനപ്പെടുത്തുക.
3. എല്ലാ വിഷയ പ്രബന്ധങ്ങളുടെയും സെമിനാർ പ്രബന്ധങ്ങളുടെയും ശീർഷകപേജ് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് അംഗീകരിച്ചിട്ടുള്ള ഫോർമാറ്റിൽ ആയിരിക്കണം.
4. പ്രബന്ധങ്ങളുടെ വിഷയങ്ങൾ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറെയോ ഡീൻ ഓഫ് സ്റ്റഡീസിനെയോ രേഖാമൂലം മുൻകൂട്ടി അറിയിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.
5. രചന പൂർത്തിയാക്കിയ പ്രബന്ധങ്ങൾ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് നിർദ്ദേശിക്കുന്ന നിശ്ചിത തിയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

## BTh വിഷയ പ്രബന്ധം

**1. ത്രിത്വൈക ദൈവശാസ്ത്രം**

ആധാരമാക്കേണ്ട അടിസ്ഥാന ഗ്രന്ഥങ്ങൾ:

1. *പരിശുദ്ധ ത്രിത്വത്തെക്കുറിച്ച് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പഠനഗ്രന്ഥം*
2. *സഭയുടെ സാർവ്വത്രിക മതബോധന ഗ്രന്ഥം: 198-354 ഖണ്ഡികകൾ*
3. *പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള മറ്റു ഗ്രന്ഥങ്ങൾ*

**2. ധാർമ്മിക ദൈവശാസ്ത്രത്തിലെ പ്രത്യേക പ്രമേയങ്ങൾ**

ദൈവകല്പനകളിലെ 4-10 പ്രമാണങ്ങളിൽനിന്നും ഏതെങ്കിലും ഒന്നിനേക്കുറിച്ച് പ്രബന്ധം തയ്യാറാക്കുക. പ്രസ്തുത പ്രമാണത്തിന്റെ ദൈവശാസ്ത്രപരവും ധാർമ്മികവും പ്രായോഗികവുമായ മാനങ്ങളും അവയുടെ കാലിക പ്രസക്തിയും വിശദീകരിക്കുക.

ആധാരമാക്കേണ്ട അടിസ്ഥാന ഗ്രന്ഥങ്ങൾ:

1. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം: 2197-2557 ഖണ്ഡികകൾ
2. ദൈവകല്പനകളെ വിശദീകരിക്കുന്ന മറ്റ് ഗ്രന്ഥങ്ങൾ

## BTh സെമിനാർ പ്രബന്ധം

**താഴെപ്പറയുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് പ്രബന്ധം തയ്യാറാക്കുക**

1. പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു പ്രമേയം *(ആധാരമാക്കേണ്ട അടിസ്ഥാന ഗ്രന്ഥം: കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം: 687-746 ഖണ്ഡികകൾ)*

2. വി. കുർബ്ബാന എന്ന കൂദാശയുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു പ്രമേയം *(ആധാരമാക്കേണ്ട അടിസ്ഥാന ഗ്രന്ഥം: കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം: 1322-1419 ഖണ്ഡികകൾ)*

3. ശുശ്രൂഷക കൂദാശകളായ തിരുപ്പട്ടം, വിവാഹം എന്നിവയുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു പ്രമേയം *(ആധാരമാക്കേണ്ട അടിസ്ഥാന ഗ്രന്ഥം: കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം: 1536-1666 ഖണ്ഡികകൾ)*

## MTh വിഷയ പ്രബന്ധം

1. **ധാർമ്മിക ദൈവശാസ്ത്രം: ധാർമ്മിക പ്രശ്നങ്ങളെക്കുറിച്ചുള്ള ക്രൈസ്തവ വീക്ഷണം**

താഴെപ്പറയുന്ന ഏതെങ്കിലും ഒരു പ്രമേയത്തെക്കുറിച്ച് പ്രബന്ധം തയ്യാറാക്കക്കുക (ആധാരമാക്കേണ്ട അടിസ്ഥാന ഗ്രന്ഥം: *കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം)*

1. വിവാഹ മോചനം,
2. ഭ്രൂണഹത്യ,
3. ക്ലോണിംങ്, ടെസ്റ്റ്യൂബ് ശിശു
4. കാരുണ്യവധം, ആത്മഹത്യ
5. യുദ്ധം, വധശിക്ഷ
6. സാമൂഹ്യനീതി

## MTh സെമിനാർ പ്രബന്ധങ്ങൾ

1. **പാഠവിശകലനം - നിശ്ചിത വചനഭാഗം**

ബൈബിളിന്റെ യഥാർത്ഥ പാഠഭാഗം കണ്ടെത്തുന്നതിനുള്ള തത്വങ്ങളെ ആധാരമാക്കി ഏതെങ്കിലും ഒരു വചനത്തെ ഉദാഹരണമായി സ്വീകരിച്ചുകൊണ്ട് പാഠവിശകലന പ്രബന്ധം തയ്യാറാക്കുക. (ആധാരമാക്കേണ്ട അടിസ്ഥാന ഗ്രന്ഥം: *ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പാഠവിശകലനത്തെക്കുറിച്ചുള്ള ഗ്രന്ഥം)*

2. **ബൈബിൾ വ്യാഖ്യാന ശാസ്ത്രം - രീതികളും പ്രമേയങ്ങളും**

ബൈബിൾ വ്യാഖ്യാനവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു പ്രമേയത്തെ ആധാരമാക്കി പ്രബന്ധം തയ്യാറാക്കുക.

*(ആധാരമാക്കേണ്ട അടിസ്ഥാന ഗ്രന്ഥങ്ങൾ: കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം 51-141, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ "ദൈവാവിഷ്കരണം" എന്ന പ്രമാണരേഖ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച വചനവും വ്യാഖ്യാനവും എന്ന ഗ്രന്ഥം)*

3. **വി. മത്തായിയുടെ സുവിശേഷത്തിലെ കാലിക പ്രസക്തിയുള്ള സാമൂഹികവും സഭാത്മകവുമായ വിഷങ്ങൾ**

(*ആധാരമാക്കേണ്ട അടിസ്ഥാന ഗ്രന്ഥം:* ആൽഫാ ബൈബിൾ കമന്ററി വാല്യം 6 - വി. മത്തായിയുടെ സുവിശേഷം, പേജ് 35-232)

## BTh Dissertation

*സ്കേമാ, ഡിസർട്ടേഷൻ 60 പേജിൽ കുറവായിരിക്കണം, ബൈൻഡ് ചെയ്ത് നൽകണം, വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ഗൈഡ്ലൈൻസ് ശ്രദ്ധിക്കുക*

## MTh Dissertation

*സ്കേമാ, ഡിസർട്ടേഷൻ 120 പേജിൽ കുറവായിരിക്കണം, ബൈൻഡ് ചെയ്ത് നൽകണം, വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ഗൈഡ്ലൈൻസ് ശ്രദ്ധിക്കുക*